<u>15 -ാം കേരള നിയമസഭ</u>

<u>13 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1741</u> <u>13-02-2025 - ൽ മറുപടിയ്ക്ക്</u>

<u>"സ്വയം പ്രഭാ ഡേകെയർ സെന്ററുകൾ"</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. എ. പ്രഭാകരൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ വന്നതിനു ശേഷം പുതിയതായി "സ്വയം പ്രഭാ ഡേകെയർ സെന്ററുകൾ" ആരംഭിച്ചിട്ടുണ്ടോ; നിലവിൽ ഇത്തരത്തിലുള്ള എത്ര സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ; | (എ) | 2021-22 വർഷം മുതൽ സായംപ്രഭ ഹോം പദ്ധതിയിൽ ഉൾപ്പെട്ട് പ്രവർത്തിച്ചു വരുന്ന ഹോമുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>2024-25 വർഷം 116 പകൽ വീടുകളെ അപ്ഗ്രേഡ് ചെയ്ത് സായംപ്രഭ ഭവനങ്ങൾ ആക്കി പ്രവർത്തിപ്പിക്കുന്നതിനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ലഭ്യമായത് പ്രകാരം 85 ഭവനങ്ങൾ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇതിൽ 10 ഭവനങ്ങൾ പുതിയതായി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ് . |
| (ബി) | മുതിർന്ന പൗരന്മാർക്ക് പരസ്പരം ഇടപഴകാനും തമ്മിലറിയാനും അവസരം നൽകി അവരുടെ ഏകാന്തതയും സമ്മർദ്ദവും കുറയ്ക്കുന്നതിന് പ്രസ്തുത സെന്ററുകൾ എത്രത്തോളം സഹായകരമാണ്; ഇതുവഴി മറ്റെന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ? | (ബി) | പകൽ സമയങ്ങളിൽ വയോജനങ്ങൾ നേരിടുന്ന ഒറ്റപ്പെടൽ വിരസത, സുരക്ഷയില്ലായ്മ തുടങ്ങിയവ മൂലം മുതിർന്നപൗരന്മാർക്കുണ്ടാകുന്ന ശാരീരികവും മാനസികവും, സാമൂഹികവുമായ നിരവധി പ്രശ്നങ്ങൾ മുന്നിൽകണ്ട് ആയതിന് പരിഹാരമായാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്ക് നിലവിലുള്ള സൗകര്യങ്ങൾക്ക് പുറമെ കെയർ ഗിവർമാരുടെ സേവനം പോഷകാഹാരം നൽകൽ, യോഗ മെഡിറ്റേഷൻ, കൗൺസിലിംഗ്, നിയമ സഹായങ്ങൾ, വിനോദോപാധികൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി അവയെ സായാപ്രഭാ ഭവനങ്ങളാക്കി നിലവാരമുയർത്തുന്ന പദ്ധതിക്ക് 2017-18 ൽ സാമൂഹ്യനീതി വകുപ്പ് തുടക്കം കുറിച്ചത്.<br><br>പകൽവീടുകളെ സായംപ്രഭ ഭവനങ്ങൾ ആക്കി പ്രവർത്തിപ്പിക്കുന്നതിലൂടെ ചുവടെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള പകൽ വീടുകളെ പ്രദേശത്തെ എല്ലാ വയോജനങ്ങൾക്കും ഉതകുന്ന രീതിയിൽ ശക്തിപ്പെടുത്തുക എന്നതാണ് വകുപ്പ് മുന്നോട്ട് വെയ്ക്കുന്ന പ്രധാന ആശയം. ആയതിലേക്കായി പ്രധാനമായും 9 ലക്ഷ്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1.സായംപ്രഭ ഭവനങ്ങളെ പ്രദേശത്തെ വയോജനങ്ങളുടെ ആവശ്യാടിസ്ഥാനത്തിലുള്ള സേവന വിതരണ (Service Delivery Point ) കേന്ദ്രങ്ങളാക്കി പ്രവർത്തിപ്പിക്കുക.

2.വയോജനങ്ങൾക്ക് പകൽസമയങ്ങൾ സമപ്രായക്കാരുമായും ആരോഗ്യകരമായും ചെലവഴിക്കാനുള്ള ഒരു കേന്ദ്രമാക്കി പ്രവർത്തിക്കുക.

3.വയോജന ക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്ന സർക്കാർ - സർക്കാരിതര പദ്ധതികളുടെ വിവരങ്ങൾ അർഹരായ വയോജനങ്ങളിലേയ്ക്ക് എത്തിക്കുന്ന അന്വേഷണ – വിവര കേന്ദ്രങ്ങളാക്കി (Information Hub) മാറ്റുക.

4.വയോജനങ്ങളുടെ വിവിധ തരത്തിലുള്ള പദ്ധതികളും പ്രവർത്തനങ്ങളും സമൂഹതലത്തിൽ നിർവ്വഹിക്കുന്ന കേന്ദ്രമാക്കി മാറ്റുക.

5.സായംപ്രഭ ഭവനങ്ങളിലൂടെ വയോജനങ്ങളുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങളെയും പ്രവർത്തനങ്ങളെയും പറ്റിയുള്ള ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക, ആയത് നടപ്പിലാക്കുക.

6.പോഷകാഹാരക്കുറവുള്ള വയോജനങ്ങൾക്ക് സായംപ്രഭ ഭവനങ്ങൾ വഴി പോഷകാഹാരം ഉറപ്പാക്കുക.

7.വയോജനങ്ങൾക്ക് നേരിടേണ്ടി വരുന്ന അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും നിയമപരമായ സഹായങ്ങൾ ലഭ്യമാക്കുക.

8.വയോജനങ്ങൾക്ക് ശാരീരികോല്ലാസത്തിനും മാനസികോല്ലാസത്തിനുമായി യോഗ, കൗൺസിലിംഗ്, മെഡിറ്റേഷൻ തുടങ്ങിയവ ലഭ്യമാക്കുക.

9.സായാംപ്രഭ ഭവനങ്ങൾക്ക് സാങ്കേതികമായ പിന്തുണ നല്കുക.

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | വർഷം | സായംപ്രഭ ഹോമുകളുടെ എണ്ണം |
|---|---|---|
| 1 | 2021-22 | 27 |
| 2 | 2022-23 | 48 |
| 3 | 2023-24 | 71 |
| 4 | 2024-25 | 85 |